"ഭരണഭാഷ – മാതൃഭാഷ"

നം. എച്ച്2 – 15546/2018

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, തൃശ്ശൂർ,
തിയ്യതി 5/10/2018, ഫോൺ -0487-2360810
website : www.ddethrissur.org, Email : ddedntsr@gmail.com

പ്രേഷകൻ,

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ

സ്വീകർത്താവ്,

എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ,

വിഷയം: പൊതുവിദ്യാഭ്യാസം - ദുരന്ത നിവാരണ പ്രവർത്തനങ്ങൾ - 5/10/2018 മുതൽ 7/10/2018 വരെ പ്രതീക്ഷിക്കുന്ന മഴയും ചുഴലിക്കാറ്റും - അവധി സംബന്ധിച്ച്.

സൂചന: 4/10/2018 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്.

..................

മേൽ സൂചന കത്തിലേക്ക് അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. 5/10/2018 മുതൽ 7/10/2018 തിയ്യതി വരെ പ്രതീക്ഷിക്കുന്ന ശക്തിയായ മഴയും, ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഏതാനും നിർദ്ദേശങ്ങൾ മേൽ സൂചനാ കത്തിൽ എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും പ്രധാനാദ്ധ്യാപകർക്കുമായി നൽകിയിരുന്നു. എന്നാൽ ഇന്നത്തെ അറിവനുസരിച്ച് കാലാവസ്ഥയിൽ പ്രതീക്ഷിക്കുന്ന മാറ്റം കാരണം ജില്ലയിൽ 6/10/2018 ശനിയാഴ്ച അവധിയായിരിക്കുന്നതല്ലെന്നും, മുൻ നിശ്ചയ പ്രകാരമുള്ള പ്രവൃത്തി ദിനമായിരിക്കുന്നതാണ്. സൂചന കത്തിലെ മറ്റ് നിർദ്ദേശങ്ങൾക്ക് മാറ്റം ഉള്ളതല്ലെന്നും അറിയിക്കുന്നു. വിവരം ജില്ലയിലെ എല്ലാ പ്രധാനാദ്ധ്യാപകരേയും ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഉടൻ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ ,

വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശ്ശൂർ

ആർ 5/10

Scanned by CamScanner